"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ്-ഗാർഹികാതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിയ്ക്കുന്ന നിയമം 2005- ഫാമിലി കൗൺസിലിംഗ് സെന്ററുകളിലെ കൗൺസിലർമാർക്കും ക്ലാർക്ക്/ടൈപ്പിസ്റ്റുമാർക്കും 2023-2024 സാമ്പത്തിക വർഷത്തെ സംസ്ഥാന വിഹിതം അധിക ഓണറേറിയ തുക വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശുവികസന (എ) വകുപ്പ്**

സ.ഉ.(സാധാ) നം.188/2026/WCDD തീയതി,തിരുവനന്തപുരം, 15-05-2026

---

പരാമർശം:-

1. സ.ഉ(സാധാ) നം.693/2014/സാനീവ തീയതി 25.11.2014
2. സ.ഉ(സാധാ) നം.743/2014/സാനീവ തീയതി 12.12.2014
3. കേന്ദ്ര വനിത ശിശു വികസന മന്ത്രാലയത്തിൽ നിന്നുള്ള 06/08/2025 തീയതിയിലെ F.No.Sambal/38/2024-Sambal (e-116848) നം. കത്ത്.
4. കേന്ദ്ര വനിത ശിശു വികസന മന്ത്രാലയത്തിൽ നിന്നുള്ള 04/09/2025 തീയതിയിലെ F.No.Sambal/69/2023-Sambal (e-110106) നം. കത്ത്.
5. സ.ഉ(സാധാ) നം.96/2026/വ.ശി.വി.വ തീയതി 27.02.2026.
6. വനിത ശിശു വികസന ഡയറക്ടറുടെ 28.04.2026 തീയതിയിലെ DWCD/4918/2023-WEC3 നമ്പർ കത്ത്

**ഉത്തരവ്**

ഗാർഹിക പീഡനത്തിൽ നിന്നും വനിതകൾക്ക് സംരക്ഷണം നൽകുന്ന നിയമം, 2005 ഫലപ്രദമായി നടപ്പിലാക്കുന്നതിലേയ്ക്കായി കേന്ദ്ര സാമൂഹ്യക്ഷേമ ബോർഡിന്റെ ഗ്രാന്റോടെ സംസ്ഥാനത്ത് പ്രവർത്തിച്ചു വന്നിരുന്ന ഫാമിലി കൗൺസിലിംഗ് സെന്ററുകളിലെ കൗൺസിലർമാർക്കും, ക്ലർക്ക്-ടൈപ്പിസ്റ്റുമാർക്കും പരാമർശം 1,2 പ്രകാരം യഥാക്രമം 4500/-, 2000/- രൂപ ക്രമത്തിൽ സംസ്ഥാന വിഹിതമായി അധിക ഓണറേറിയം അനുവദിച്ചുവരുന്നുണ്ട്. കേന്ദ്ര സർക്കാർ ഫാമിലി കൗൺസിലിംഗ് സെന്ററുകൾക്ക് ഗ്രാന്റ് അനുവദിച്ച് നൽകുന്ന മുറയ്ക്കാണ് ടി കാലയളവിലെ സംസ്ഥാന വിഹിതം അനുവദിച്ച് നൽകുന്നത്.

2. ഫാമിലി കൗൺസിലിംഗ് സെന്ററുകളിലെ കൗൺസിലർമാർക്കും, ക്ലർക്ക്-ടൈപ്പിസ്റ്റ്മാർക്കും 2023-2024 സാമ്പത്തിക വർഷത്തെ സംസ്ഥാന വിഹിതം ഇനത്തിൽ അധിക ഓണറേറിയമായി ആകെ 45,42,000/- രൂപ (നാൽപ്പത്തിയഞ്ച് ലക്ഷത്തി നാൽപത്തി രണ്ടായിരം രൂപ മാത്രം) 2235-02-103-68-03-(P) ശീർഷകത്തിൽ വിനിയോഗിക്കുന്നതിനു പരാമർശം (5) പ്രകാരം ഭരണാനുമതി നൽകിയിരുന്നു..

3. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 34 ഫാമിലി കൗൺസിലിംഗ് സെന്ററുകളിലെ 69 കൗൺസിലർമാർക്കും 34 ക്ലാർക്ക്-ടൈപ്പിസ്റ്റുമാർക്കും യഥാക്രമം 4500/-, 2000/- രൂപ ക്രമത്തിൽ സംസ്ഥാന വിഹിത അധിക ഹോണറേറിയമായ ആകെ 45,42,000/-രൂപ (നാൽപത്തി അഞ്ച് ലക്ഷത്തി നാൽപത്തി രണ്ടായിരം രൂപ മാത്രം) ഫാമിലി കൗൺസിലിംഗ് സെന്ററുകൾക്ക് മാറി നൽകുന്നതിനായി ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്ക് അനുവദിച്ച നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും 2235-02-103-68-03(പി) ശീർഷകത്തിൽ ധനകാര്യ വകുപ്പിൽ നിന്നും തുക എൻഹാൻസ് ചെയ്ത് കിട്ടാതിരുന്നതിനാൽ 2025-26 സാമ്പത്തിക വർഷം ടി തുക ജില്ലകൾക്ക് വിതരണം ചെയ്യാൻ കഴിഞ്ഞില്ലായെന്നും ആയതിനാൽ 2026-27 സാമ്പത്തിക വർഷം 2235-02-103-68-03(പി) ശീർഷകത്തിൽ നിന്നും ടി തുക മാറി നൽകുന്നതിന് അനുമതി ലഭ്യമാക്കണമെന്നും പരാമർശം (6) പ്രകാരം വനിത ശിശു വികസന ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ 34 ഫാമിലി കൗൺസിലിംഗ് സെന്ററുകളിലെ 69 കൗൺസിലർമാർക്കും 34 ക്ലാർക്ക്-ടൈപ്പിസ്റ്റുമാർക്കും യഥാക്രമം 4500/-, 2000/- രൂപ ക്രമത്തിൽ 2023-24 വർഷത്തെ സംസ്ഥാന വിഹിത അധിക ഓണറേറിയമായ ആകെ 45,42,000/-രൂപ (നാൽപ്പത്തി അഞ്ച് ലക്ഷത്തി നാൽപ്പത്തി രണ്ടായിരം രൂപ മാത്രം) 2026-27 സാമ്പത്തിക വർഷം 2235-02-103-68-03-00-0-p-v ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന്, പരാമർശം (5) ലെ ഭരണാനുമതി ഉത്തരവ് പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഫണ്ട് വിനിയോഗം സംബന്ധിച്ച് കേന്ദ്രമന്ത്രാലയത്തിന്റെ പരാമർശം 3,4 ലെ മാനദണ്ഡങ്ങൾ പാലിച്ചിരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം.
ധനകാര്യ (വനിത ശിശു വികസനം) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി.&എസ്.എസ്.എ./എ&ഇ), കേരളം,തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Bindu K N
സെക്ഷൻ ഓഫീസർ
Date: 16-05-2026 10:50:34